പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 242 — 18.03.2013 ൽ മറുപടിക്ക്

## കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. എ. മാധവൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, എം. പി. വിൻസെന്റ്<br>,, കെ. അച്ചുതൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണു കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | (എ) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് കർശനമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. Juvenile Justice (care and Protection) Act പ്രകാരവും, Protection of Children from Sexual Offences Act, 2012 പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നു. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിനുമായി പൊതുസ്ഥലങ്ങൾ, സ്കൂൾ പരിസരങ്ങൾ എന്നിവിടങ്ങളിൽ പോലീസ് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. കുട്ടികൾ നേരിടേണ്ടി വരുന്ന ചൂഷണത്തെയും, പീഡനങ്ങളെയും കുറിച്ചും അതിനെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ബോധ്യപ്പെടുത്തുന്നതിനായി കുട്ടികൾക്കും, രക്ഷാകർത്താക്കൾക്കും അധ്യാപകർക്കും ജനമൈത്രി പോലീസ് സംവിധാനത്തിലൂടെയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെയും ബോധവൽക്കരണവും സെമിനാറുകളും നടത്താറുണ്ട്. കൂടാതെ Anti Human |

→

Trafficking Unit (AHTU) ന്റെ നേതൃത്വത്തിൽ സാമൂഹ്യനീതി വകുപ്പ്, ശിശുക്ഷേമ സമിതി, ചൈൽഡ് ലൈൻ സർവ്വീസസ്, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെ കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി റെയ്ഡുകളും, സ്പെഷ്യൽ ഡ്രൈവുകളും അദാലത്തുകളും നടത്തുന്നുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക ചൂഷണം, തട്ടികൊണ്ട് പോകൽ തുടങ്ങിയ അതിക്രമങ്ങൾ തടയുന്നതിനായി സംസ്ഥാന സർക്കാർ ''നിർഭയ'' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇതിനായി പുതിയ നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കുറ്റങ്ങളും ശിക്ഷകളുമാണ് നിർദ്ദിഷ്ട നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

(ബി) മുതൽ (ഡി) വരെ

പെൺകുട്ടികൾ ഉൾപ്പെടെയുള്ള വനിതകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് '2013 ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണബിൽ' നിയമമാക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ